**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 119** — **26.09.2016-ൽ മറുപടിക്ക്**

**പോലീസിനു നേരെ ഗുണ്ടാ ആക്രമണം**

| **ചോദ്യം**<br>**ശ്രീ.കെ.എസ്. ശബരീനാഥൻ** | **മറുപടി**<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗുണ്ടാ ആക്രമണത്തിൽ എത്ര പോലീസുകാർക്ക് പരിക്കേറ്റു എന്ന് വെളിപ്പെടുത്താമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഒരു ഗുണ്ടാ ആക്രമണം റിപ്പോർട്ട് ചെയ്യിട്ടുള്ളതും ഇതിൽ 4 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് പോലീസിനു നേരെ ഗുണ്ടാ ആക്രമണം ഉണ്ടായത്; | (ബി) തൃശ്ശൂർ സിറ്റിയിലെ ഒല്ലൂർ പോലീസ് സ്റ്റേഷനു നേരെയാണ് ഗുണ്ടാ ആക്രമണമുണ്ടായത്. |
| സി) പ്രസ്തുത കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേരാണെന്നും അവർക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നും വെളിപ്പെടുത്തുമോ; | (സി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിലെ 3 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. |
| (ഡി) ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കുമെതിരെ കർശന നിലപാട് സ്വീകരിക്കാത്തതുമൂലമാണ് പൊലീസുകാർക്ക് നേരെ പോലും ഗുണ്ടാ ആക്രമണം ഉണ്ടാകുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ? | (ഡി) ഗുണ്ടകൾക്കും സാമൂഹ്യ വിരുദ്ധർക്കുമെതിരെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇവരുടെ പ്രവർത്തനങ്ങൾ അടിച്ചമർത്തുന്നതിനായി ഊർജ്ജിത പോലീസ് പട്രോളിംഗും പോലീസ് നിരീക്ഷണവും ശക്തിപ്പെടുത്തിയും കുറ്റക്കാർക്കെതിരെ കാപ്പ നിയമങ്ങൾ അനുസരിച്ചുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| PS | Cr.No | Sec of law | Place of occurrence | Rank & name of the police personnel (victim) | No of accused arrested | Present Stage |
|---|---|---|---|---|---|---|
| Ollur | 2169/16 | U/s 323,324,307,332 r/w 34IPC & 20 r/w 27 of Arms Act | Kacheri | Injured<br>1.PrasanthClint, SI- Ollur Police Station.<br>2.Dhanesh CPO 6967 Ollur Police Station.<br>3.Shiju CPO 6237 Ollur Police Station.<br>4.Ranjith CPO 6199 Ollur Police Station. | 3 | UI |

സെക്ഷൻ ഓഫീസർ